പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2740 — 12.10.2011-ലെ മറുപടിയ്ക്ക്

## ശ്രീമതി ജാനകി കെ.വി യുടെ അപേക്ഷയിന്മേലുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ദാസൻ | ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| കോഴിക്കോട് സഹകരണ ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ, കൊയിലാണ്ടി മണ്ഡലത്തിലെ ശ്രീമതി ജാനകി. കെ. വി, കാട്ടിലെ വയലിൽ, വിയ്യൂർ സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | കൊയിലാണ്ടി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 1.3.2006 ന് 12% പലിശ നിരക്കിൽ എടുത്ത 60000/- രൂപയുടെ ലോൺ അടയ്ക്കുന്നതിന് ആശ്വാസ നടപടികൾ ആവശ്യപ്പെട്ടുള്ള ശ്രീമതി കെ.വി.ജാനകിയുടെ അപേക്ഷ 19.8.2011 ൽ കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ ആഫീസിൽ ലഭിക്കുകയും ഇതിന്റെ തുടർനടപടികളുടെ ഭാഗമായി 27.7.2011-ൽ കൊയിലാണ്ടി ദേവി വിലാസം ആഡിറ്റോറിയത്തിൽ വച്ച് നടന്ന കുടിശ്ശിക നിവാരണ അദാലത്തിൽ ശ്രീമതി.ജാനകി പങ്കെടുക്കുകയും ആഗസ്റ്റ് 15-ന് മുൻപ് കുടിശ്ശിക തീർപ്പാക്കുകയാണെങ്കിൽ 8000/- രൂപയുടെ പലിശയിളവ് ആശ്വാസം നൽകാമെന്ന് കൊയിലാണ്ടി സർവ്വീസ് സഹകരണ ബാങ്ക് സമ്മതിക്കുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെയായിട്ടും ശ്രീമതി.ജാനകി ബാങ്കിനെ സമീപിക്കുകയോ കുടിശ്ശിക തീർപ്പാക്കുകയോ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ